## റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

**121 (5203)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കമ്പ്യൂട്ടർവൽക്കരണം വില്ലേജുകളിൽ എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതി (എൻ.എൽ.ആർ.എം.പി.) പ്രകാരമാണ് നടന്നുവരുന്നത്. ഇതിനായി റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ ഈ പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനംവഴി ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലെ പോരായ്മകൾകൂടി പരിഹരിച്ചുകൊണ്ട് സംസ്ഥാനമൊട്ടാകെ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ഓൺലൈൻ പോക്കുവരവ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കഞ്ചേരി സബ്‌രജിസ്ട്രാർ കാര്യാലയങ്ങളുടെ പരിധിയിലുള്ള റീ-സർവ്വേ കഴിഞ്ഞ 17 വില്ലേജുകളിലെ ഭൂമി സംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. അതിനോടൊപ്പംതന്നെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രഥമ ഘട്ടമായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ റീ-സർവ്വെ കഴിഞ്ഞ 573 വില്ലേജുകളിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുള്ളതുമാണ്. ഓൺലൈൻ പോക്കുവരവ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഘട്ടംഘട്ടമായി എല്ലാ വില്ലേജുകളിലേയും ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly